# കേര കർഷകർക്ക് പ്രതീക്ഷയുടെ കിരണങ്ങൾ; നീരയിലൂടെ മാസ വരുമാനം വർധിക്കുന്നു

കൊച്ചി: കൊല്ലം മൈനാഗപ്പള്ളിയിലെ കേര കർഷകനായ മാധവൻകുട്ടിക്ക് തന്റെ 17 മൂട് തെങ്ങ് നീര ചെത്താൻ നൽകിയതിലൂടെ കിട്ടിയ വരുമാനം കേട്ടാൽ ഏതു ബിസിനസ്സുകാരനും ഒന്നു ഞെട്ടും. ആദ്യ മാസം 87537 രൂപ. അതായത് ഒരു ദിവസത്തെ വരുമാനം 5150 രൂപ. ഒരു തെങ്ങിൽ നിന്ന് ഒരു മാസം കിട്ടിയ നീരയാകട്ടെ 97 ലിറ്റർ. മുറ്റത്തും പറമ്പിലുമായി വല്ലപ്പോഴും തേങ്ങയും ഓലയും കോഞ്ഞാട്ടയുമൊക്കെ പൊഴിച്ചുനിന്ന തെങ്ങിനെ വരുമാനത്തിന്റെ നെടുംതൂണാക്കി മാറ്റാൻ ശ്രമിക്കുകയാണ് നീര വിപ്ലവത്തിലൂടെ നാളികേര വികസന ബോർഡും കേര കർഷകരുടെ ത്രിതല കൂട്ടായ്മകളും. സംസ്ഥാന എക്സൈസ് മന്ത്രി കെ.ബാബു ഇക്കഴിഞ്ഞ മെയ്മാസം ശിലാസ്ഥാപനം നിർവ്വഹിച്ച കേരളത്തിലെ ആദ്യ നീര പ്ലാന്റിനുവേണ്ടി കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയാണ് പരിശീലനം നേടിയ പരമ്പരാഗത ചെത്തുതൊഴിലാളികളുൾപ്പെടെയുള്ള 30 നീര ടെക്നീഷ്യന്മാരെക്കൊണ്ട് ജില്ലയിലെ 480 തെങ്ങുകൾ ചെത്തിത്തുടങ്ങിയത്. മറ്റു കർഷകർക്കും ഇതേ അനുപാതത്തിൽ തെങ്ങുകളുടെ എണ്ണത്തിനുസരിച്ചുള്ള വരുമാനം ലഭിച്ചു. ഇത്രയും തെങ്ങുകൾ ദിവസേന രണ്ടുനേരം മാത്രം ചെത്തിയപ്പോൾ ശരാശരി 110 മുതൽ 150 ലിറ്റർ വരെ നീരലഭിച്ചു. ഇതിൽ 400 ലിറ്റർ നീര തേനായി മാറ്റിക്കഴിഞ്ഞു. കൂടാതെ 47 കിലോ നീര ജാമും തയ്യാറാക്കി. ചെത്തിയെടുത്ത ബാക്കി നീര ശീതളപാനീയമായി വിപണിയിലെത്തിക്കാൻ ഹോർട്ടികോർപ്പിനു കൈമാറും. കൊല്ലത്തെ ആശ്രാമം മൈതാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മേളയിലെ വനിതാ മാക്സിന്റെ സ്റ്റോളിൽ നീര ഡ്രിങ്ക് ഇപ്പോൾ ലഭ്യമാണ്. വില 200 ലിറ്ററിന് 25 രൂപ. തുടർന്നുള്ള മാസങ്ങളിൽ എക്സൈസ് വകുപ്പ് മാർക്കു ചെയ്ത മറ്റു കർഷകരുടെ തെങ്ങുകൾ നീരയ്ക്കായി ചെത്തും. നീര ചെത്തുന്നതിനും പുളിക്കാതെ സംസ്കരിച്ചെടുക്കുന്നതിനുമായി കമ്പനി ഉപയോഗിച്ചുവരുന്നത് ബോർഡിന്റെ തന്നെ സാങ്കേതികവിദ്യയാണ്.



കേരളത്തിലെ കേര കർഷകർക്ക് ഇതിൽപ്പരമൊരു നല്ല കാലം ഇനി ഉണ്ടാവാനില്ലെന്നും ഗൾഫു രാജ്യങ്ങൾ പെട്രോളിയം ഉത്പ്പന്നങ്ങളിൽ നിന്നുണ്ടാക്കുന്ന വരുമാനം പോലെ കേരളത്തിലെ കേര കാർഷിക രംഗത്തെ ഉയർത്തിയെടുക്കാൻ നീരയിലൂടെ സാധ്യമാകുമെന്നും കൊല്ലത്തെ നാളികേര കർഷകനും കൈപ്പുഴ നാളികേര ഉത്പാദക കമ്പനി ചെയർമാനുമായ ഷാജഹാൻ കാഞ്ഞിരവിളയിൽ അഭിപ്രായപ്പെട്ടു. നീര ആദ്യം വിപണിയിലെത്തിച്ച പാലക്കാട് നാളികേര ഉത്പാദക കമ്പനി ഇക്കഴിഞ്ഞ ആഗസ്റ്റിൽ ഒന്നരമാസംകൊണ്ട് നീര ചെത്തിയതിന് പാലക്കാട് മുതലമടയിലെ കർഷകനായ ടോം തോമസിന് വിതരണം ചെയ്ത ഉയർന്ന തുക 55000 രൂപയായിരുന്നു. ഇതും 17 തെങ്ങുകൾക്ക് തന്നെ. അന്ന് മറ്റൊരു കർഷകനായ പെരിയപതിക്കാട് സ്വദേശി ഉതുപ്പിന്റെ 11 തെങ്ങുകൾക്ക് ഒന്നരമാസത്തെ പ്രതിഫലം 22879 രൂപയും ഇടുക്കിപ്പാറ സ്വദേശി ഫാ.തോമസിന് പത്തുതെങ്ങുകൾക്ക് 11599 രൂപയുമടക്കം 75000 രൂപയാണ് മൂന്നുകർഷകരുടെ ആദായം. കടൽത്തീരമേഖലകളിലെ തെങ്ങുകളിൽ നിന്ന് കൂടുതൽ നീര ലഭിക്കുന്നതായി ഈ ഉത്പാദന വ്യത്യാസം ചൂണ്ടിക്കാട്ടുന്നു.